# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1091.** **10.06.2019 ൽ മറുപടിയ്ക്ക്**

## ലഹരി വസ്തുക്കളുടെ ഉപയോഗം

| ചോദ്യം | | | ഉത്തരം |
|---|---|---|---|
| ശ്രീ.ടി. വി. ഇബ്രാഹിം | | | ശ്രീ.ടി.പി.രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി) |
| (എ) | സ്കൂൾ പരിസരങ്ങൾ കേന്ദ്രീകരിച്ച് ലഹരി വസ്തുക്കളുടെ ഉപയോഗം വർദ്ധിച്ച് വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ)<br>&<br>(ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല, സംസ്ഥാനത്താകെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ 3272 ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ച് പ്രവർത്തിച്ച വരുന്നു. ഈ ലഹരി വിരുദ്ധ ക്ലബ്ബുകളുടെ പ്രവർത്തനത്തിൽ വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും പുറമെ രക്ഷാകർത്താക്കളുടെയും പങ്കാളിത്തം ഉറപ്പ് വരുത്തിയിട്ടുണ്ട്. നാളിതുവരെ 3272 പരാതിപ്പെട്ടികൾ സ്കൂളുകളിൽ സ്ഥാപിക്കുകയും ഇത്തരത്തിൽ ലഭിക്കുന്ന പരാതികളിൽ സത്വര നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. ലഹരിയ്ക്കെതിരെ 'കായിക ലഹരി' എന്ന സന്ദേശം പ്രചരിപ്പിച്ച് കുട്ടികളെയും യുവാക്കളെയും കായിക രംഗത്തേക്ക് കൈപിടിച്ച് നയിക്കുന്നതിനായുള്ള പ്രവർത്തനങ്ങളും ഊർജ്ജിതപ്പെടുത്തിയിട്ടുണ്ട്.<br>സംസ്ഥാനത്തെ മുഴുവൻ സ്കൂൾ/കോളേജുകളിലും വിമുക്തി ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിക്കുന്നതിന്റെ ഭാഗമായി വിമുക്തി എന്ന പേരിൽ ഒരു മൊബൈൽ ആപ്ലിക്കേഷനും തയ്യാറാക്കിയിട്ടുണ്ട്. |
| (ബി) | എങ്കിൽ ഇതിനെതിരെ സ്വീകരിച്ച നടപടികളെന്തെല്ലാം; വിശദമാക്കാമോ; | | |
| (സി) | വിമുക്തി പദ്ധതിയിൽ നിയോജക മണ്ഡലം തലത്തിൽ നടത്തുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ; | (സി) | 'വിമുക്തി' മിഷന്റെ ഭാഗമായി 14 ജില്ലകളിലും ആരോഗ്യവകുപ്പുമായി ചേർന്ന് ഡി അഡിക്ഷൻ സെന്ററുകൾ, തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ജില്ലകളിൽ കൗൺസിലിംഗ് കേന്ദ്രങ്ങൾ എന്നിവ ആരംഭിച്ചതിനു പുറമേ, ജില്ലാ അടിസ്ഥാനത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ലൈബ്രറി കൗൺസിൽ, സ്പോർട്സ് കൗൺസിൽ, റെസിഡന്റ്സ് അസ്സോസിയേഷൻസ്, മറ്റു സന്നദ്ധ സംഘടനകൾ എന്നിവയുടെ സഹകരണത്തോടെ വിവിധ ബോധാവത്കരണ പദ്ധതികൾ നടപ്പിലാക്കി വരുന്നു. കൂടാതെ സ്കൂൾ കോളേജ് |

| | | | |
|---|---|---|---|
| | | | തലങ്ങളിൽ ലഹരിവിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ചു കൊണ്ടുള്ള പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. നിയോജക മണ്ഡലം കേന്ദ്രീകരിച്ചുള്ള പ്രവർത്തനങ്ങൾ വിമുക്തി മിഷന്റെ കീഴിൽ നടപ്പിലാക്കുന്നില്ല. |
| (ഡി) | പ്രസ്തുത പദ്ധതിക്ക് കീഴിൽ 2018-ൽ നടത്തിയ പ്രധാന പ്രവർത്തനങ്ങൾ എന്തെല്ലാമെന്നും ഇതിന് വേണ്ടി എത്ര രൂപ അനുവദിച്ചുവെന്നും അതിലെത്ര രൂപ ചെലവഴിച്ചുവെന്നും വിശദമാക്കാമോ? | (ഡി) | വിമുക്തി ബോധവത്കരണ പരിപാടികൾക്കായി 2018-19 വർഷത്തിൽ 27,87,62,200/- രൂപ അനുവദിച്ചതിൽ 11,63,23,493/- രൂപ ചെലവഴിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**